# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *113 | 31/10/2019 ൽ മറുപടിക്ക്

### കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. മുകേഷ്<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.ഡി.കെ. മുരളി | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) പ്രതിസന്ധി നേരിടുന്ന കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല ഇന്ന് പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കടക്കെണിയിലായതു മൂലം പൂട്ടിക്കിടന്നിരുന്ന സ്വകാര്യകശുവണ്ടി വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടേയും ബഹു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ നടത്തിയ ഇടപെടലിന്റെ ഫലമായി ഒരു റിവൈവൽ പാക്കേജിന് രൂപം കൊടുക്കുകയും അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടബാധ്യത പുനഃക്രമീകരിച്ച് ധനകാര്യസ്ഥാപനങ്ങളായ ബാങ്കുകൾ അധിക വായ്പ നൽകിവരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായുള്ള പലിശ സബ്സിഡിക്കായി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരികയാണ്.<br><br>കേരളത്തിലെ വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കേരളാ കാഷ്യൂ ബോർഡ് രൂപീകരിക്കുകയും ബോർഡിന്റെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് |

ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന് സർക്കാർ ഓഹരി മൂലധനമായി 24.5 കോടി രൂപയും പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും മറ്റ് സർക്കാർ ഏജൻസികളിൽ നിന്നും മൂലധന നിക്ഷേപമായി സ്വരൂപിച്ച 23 കോടി രൂപയുൾപ്പെടെ ആകെ 47.6 കോടി രൂപ അടച്ച തീർത്ത പ്രവർത്തന മൂലധനമായി കമ്പനിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും 350 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടിയും അനുവദിച്ചിട്ടുണ്ട്.

തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നു ഇതിനകം 17000 മെട്രിക് ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കകം 3000 മെട്രിക് ടൺ കൂടി ഇറക്കുമതി ചെയ്യുന്നതാണ്. എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സന്നദ്ധമാണ്.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ നവീകരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. <u>കശുമാവ് പുതു കൃഷി</u> - ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് 60 രൂപ, രണ്ടാം കൊല്ലം നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണ ധന സഹായമായി നൽകുന്നു.

2. <u>കശുമാവ് തോട്ടം നിർമ്മാണം</u> - 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.

3.മുറ്റത്തൊരു കശുമാവ് - കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്കു വേണ്ടിയുള്ള പ്രത്യേക പദ്ധതി പ്രകാരം പൊക്കം കുറഞ്ഞ അധികം പടരാത്ത വീട്ടുമുറ്റത്ത് നിയന്ത്രിച്ചു വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി നൽകി വരുന്നു.

4.ഹൈഡെൻസിറ്റി പ്ലാന്റിംഗ്- ഈ പദ്ധതി പ്രകാരം ഒരു ഹെക്ടറിൽ 200 തൈകൾ നടുന്ന രീതിയാണ് അവലംബിക്കുന്നത്. ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈഡെൻസിറ്റി പ്ലാന്റിംഗ് നടപ്പിലാക്കി വരുന്നു.

5. മാതൃക കശുമാവിൻ തോട്ടം - സർക്കാർ / അർദ്ധ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ഉടമസ്ഥതയിൽ മാറ്റം വരുത്താത്ത തരത്തിൽ മാതൃകാ തോട്ടങ്ങൾ ഉണ്ടാക്കുന്നതിന് ലക്ഷ്യമിടുന്നു. ടി തോട്ടങ്ങൾ പുതിയ ഇനം കൃഷി രീതികളും, കശുമാവിൻ തൈകളും കർഷകരെ പരിചയപ്പെടുത്തുന്നതിനും കർഷകരെ കശുമാവ് കൃഷിയിലേക്ക് ആകർഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പദ്ധതിയ്ക്ക് തുടക്കമിട്ടിരിക്കുന്നത്.

(ബി) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് കേന്ദ്രസർക്കാർ ചുങ്കം ഏർപ്പെടുത്തിയതും യഥേഷ്ടം കശുവണ്ടി പരിപ്പ് ഇറക്കുമതി ചെയ്യാൻ അനുമതി നൽകിയതും വ്യവസായത്തിന് കനത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുള്ളതിനാൽ ഇതു തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) സർക്കാരിന്റെ നിരന്തര ഇടപെടലിനെ തുടർന്ന് ഇറക്കുമതി ചുങ്കം 2.5% ത്തിലേയ്ക്ക് കേന്ദ്രഗവൺമെന്റ് കുറവ് വരുത്തിയിട്ടുണ്ട്. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം പൂർണ്ണമായി ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തിവരുന്നു.

(സി) തോട്ടണ്ടി ഇറക്കുമതിക്ക് രൂപീകരിച്ച കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇറക്കുമതി

(സി) വിലയിരുത്തിയിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം മൂലം അസംസ്കൃത കശുവണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ

| | |
|---|---|
| പൂർണ്ണമായും ഇ-ടെൻഡർ വഴിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | കഴിഞ്ഞു. കശുവണ്ടി വികസന കോർപ്പറേഷൻറെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി തുടർച്ചയായി ലഭ്യമാക്കി വരുന്നു. കാഷ്യൂ ബോർഡിന്റെ തോട്ടണ്ടി ഇറക്കുമതി ഇപ്പോൾ പൂർണ്ണമായും ഇ-ടെൻഡർ സംവിധാനത്തിലൂടെയാണ് നടത്തിവരുന്നത്. |

Radhalch
സെക്ഷൻ ഓഫീസർ